## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T 4970

27-06-2019 ൽ മറുപടിയ്ക്ക്

## ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) വാണിജ്യ വ്യവസായ രംഗത്തെ പരസ്യത്തിന് മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുവേണ്ടി ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഓഫ് കേരളയുടെ സംസ്ഥാന ജനറൽ സെക്രട്ടറി നൽകിയ നിവേദനം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | ബി) അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| സി) ലൈറ്റ് ആന്റ് സൗണ്ട് പന്തൽ മേഖല വളരെ അപകടം പിടിച്ച ഒന്നായതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) ലൈറ്റ് & സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാവുന്നതാണ്. ഈ ക്ഷേമ നിധി ബോർഡിന്റെ പദ്ധതിയിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം ലൈറ്റ് & സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേകമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. എന്നാൽ ഈ ക്ഷേമനിധി ബോർഡിലെ എല്ലാ അംഗങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലും ലൈറ്റ് & |

സൗണ്ട് പന്തൽ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം പദ്ധതിയംഗങ്ങൾക്ക് മരണാന്തര ആനുകൂല്യവും അപകട ആനുകൂല്യവും ലഭിക്കുന്നതിന് അവർ ആം ആദ്മി ബീമാ യോജനയിൽ അംഗങ്ങ ളാകേണ്ടതാണ്. എന്നാൽ നിലവിൽ ആം ആദ്മി ബീമാ യോജനയ്ക്ക് പകരം പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY) എന്ന പദ്ധതിയാണ് നിലവിലുള്ളത് എന്നതിനാൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ മുഴുവൻ അംഗങ്ങളേയും പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY)-യിൽ അംഗങ്ങളാക്കുന്നതിനു വേണ്ടി അസംഘടിത തൊഴിലാളികൾ എന്ന വിഭാഗം പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY)-യിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ